| 06–02–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ– നിങ്ങൾ ബ്രാഹ്മണർ ഇപ്പോൾ വളരെ ഉയർന്ന യാത്രയിൽ പൊയ്ക്കൊണ്ടിരിക്കുകുകയാണ്, അതിനാൽ നിങ്ങൾക്ക് ഡബിൾ എഞ്ചിൻ ലഭിച്ചിരിക്കുന്നു, രണ്ട് പരിധിയില്ലാത്ത അച്ഛനുണ്ട് അതുപോലെ രണ്ട് അമ്മയും ഉണ്ട്.**

**ചോദ്യം–** സംഗമയുഗത്തിൽ ഏതൊരു ടൈറ്റിൽ കുട്ടികളാകുന്ന നിങ്ങൾക്ക് സ്വയത്തിന് വെയ്ക്കാൻ സാധിക്കില്ല?
**ഉത്തരം**–ഹിസ് ഹോളിനസ് അഥവാ ഹർ ഹോളിനസ്(പവിത്രമായവർ) എന്ന ടൈറ്റിൽ നിങ്ങൾ ബി കെ സിന് അവരവർക്ക് വെയ്ക്കാൻ സാധിക്കില്ല, എഴുതാനും സാധിക്കില്ല കാരണം നിങ്ങളുടെ ആത്മാവ് പവിത്രമായികൊണ്ടിരിക്കുന്നുവെങ്കിലും ശരീരം തമോപ്രധാന തത്വങ്ങളാൽ ഉണ്ടാക്കപ്പെട്ടതാണ്. ഈ മഹിമ ഇപ്പോൾ നിങ്ങൾ സ്വീകരിക്കരുത്. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥികളാണ്.

**ഗീതം–** ഇത് വിളക്കിന്റെയും കൊടുങ്കാറ്റിന്റെയും കഥയാണ്....

**ഓം ശാന്തി**. പരിധിയില്ലാത്ത ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, ഇത് കുട്ടികൾ മനസ്സിലാക്കി പരിധിയില്ലാത്ത അച്ഛൻ രണ്ടുണ്ടെങ്കിൽ, അമ്മയും തീർച്ചയായും രണ്ടുണ്ടായിരിക്കും. ഒന്ന് ജഗദംബ, രണ്ട് ഈ ബ്രഹ്മാവും അമ്മയാണ്. രണ്ട് പേരും മനസ്സിലാക്കി തരുന്നു, നിങ്ങൾക്ക് ഡബിൾ ഇഞ്ചിൻ ലഭിച്ചു കഴിഞ്ഞു. കുന്നിൽ വണ്ടി പോകുമ്പോൾ ഡബിൾ ഇഞ്ചിൻ ഘടിപ്പിക്കാറില്ലേ! ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരും ഉയർന്ന യാത്രയിൽ പൊയ്ക്കൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം ഇപ്പോൾ ഘോര അന്ധകാരമാണ്. അന്തിമ സമയം വരുമ്പോൾ വളരെ നിലവിളി ഉയരുന്നു. ലോകം പരിവർത്തനപ്പെടുമ്പോൾ ഇങ്ങനെ ഉണ്ടാകുന്നു. രാജ്യം പരിവർത്തനപ്പെടുമ്പോഴും യുദ്ധവും ബഹളവും നടക്കുന്നു. കുട്ടികൾക്കറിയാം ഇപ്പോൾ പുതിയ രാജധാനി സ്ഥാപിക്കപ്പെടുകയാണ്. ഘോര അന്ധകാരത്തിൽ നിന്നും ഘോരമായ പ്രകാശം വന്നു കൊണ്ടിരിക്കുന്നു. നിങ്ങൾ ഈ മുഴുവൻ ചക്രത്തിന്റെ ചരിത്രവും, ഭൂമിശാസ്ത്രവും മനസ്സിലാക്കുന്നു അതിനാൽ നിങ്ങൾ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം. വളരെ മാതാക്കളും കുമാരിമാരും സ്കൂളിൽ പഠിപ്പിക്കുന്നവരായി ഉണ്ട്, അവരും കുട്ടികൾക്ക് പരിധിയില്ലാത്ത ചരിത്രവും, ഭൂമിശാസ്ത്രവും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ, ഇതിൽ ഗവൺമെന്റിന് ഇഷ്ടപ്പെടാതിരിക്കില്ല. അവരുടെ മുതിർന്നവർക്കും മനസ്സിലാക്കി കൊടുക്കണം എങ്കിൽ ഒന്നും കൂടി സന്തോഷം ഉണ്ടാകും. അവർക്ക് മനസ്സിലാക്കി കൊടുക്കണം– എപ്പോൾ വരെ ഈ പരിധിയില്ലാത്ത ചരിത്രവും, ഭൂമിശാസ്ത്രവും മനസ്സിലാക്കുന്നില്ല അതു വരെ കുട്ടികളുടെ മംഗളം ചെയ്യാൻ സാധിക്കില്ല. ലോകത്തിൽ ജയാരവം മുഴങ്ങില്ല. കുട്ടികൾക്ക് സേവനം ചെയ്യുന്നതിനുള്ള സൂചന നല്കുന്നു. ടീച്ചറാണെങ്കിൽ തന്റെ കോളേജിൽ ഈ വിശ്വത്തിന്റെ ചരിത്രവും, ഭൂമിശാസ്ത്രവും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ കുട്ടികൾക്ക് ത്രികാലദർശിയാകാൻ സാധിക്കും. ത്രികാലദർശിയാകുന്നതിലൂടെ ചക്രവർത്തിയാകാനും സാധിക്കും. ഏതു പോലെ ബാബ നിങ്ങളെ ത്രികാലദർശി, സ്വദർശനചക്രധാരിയാക്കി, നിങ്ങൾ മറ്റുള്ളവരെയും തനിക്ക് സമാനമാക്കണം, ഈ പഴയ ലോകം പരിവർത്തനപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം. തമോപ്രധാന ലോകം പരിവർത്തനപ്പെട്ട് സതോപ്രധാനമായികൊണ്ടിരിക്കുന്നു. സതോപ്രധാനമാക്കുന്നത് ഒരേയൊരു പരമപിതാ പരമാത്മാവാണ്, ബാബ സഹജരാജയോഗത്തിന്റെയും സ്വദർശന ചക്രത്തിന്റെയും ജ്ഞാനം നല്കുന്നു. ചക്രത്തെ മനസ്സിലാക്കി കൊടുക്കാൻ വളരെ സഹജമാണ്. ഈ ചക്രം മുന്നിൽ വെയ്ക്കുകയാണെങ്കിലും മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കും– സത്യയുഗത്തിൽ ആരെല്ലാമാണ് രാജ്യം ഭരിച്ചിരുന്നത്, പിന്നീട് ദ്വാപരയുഗത്തിൽ നിന്നും എങ്ങനെ അനേക ധർമ്മങ്ങളുടെ വൃദ്ധി ഉണ്ടാകുന്നു എന്ന്. അങ്ങനെ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ ബുദ്ധിയുടെ വാതിൽ താനേ തുറക്കപ്പെടും. ഈ ചക്രം മുന്നിൽ വെച്ച് നിങ്ങൾക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ടോപ്പിക്കും(വിഷയം) വെയ്ക്കാൻ സാധിക്കും. വരൂ–എങ്കിൽ ഞങ്ങൾ ത്രികാലദർശിയാകാനുള്ള മാർഗ്ഗം പറഞ്ഞ് തരാം, അതിലൂടെ നിങ്ങൾക്ക് രാജാക്കൻമാരുടെയും രാജാവാകാൻ സാധിക്കും. നിങ്ങൾ ബ്രാഹ്മണരേ ഈ ചക്രത്തെ അറിയുന്നുള്ളൂ. അതിനാൽ ചക്രവർത്തി രാജാവായി തീരുന്നു. എന്നാൽ ഈ ചക്രത്തെ ബുദ്ധിയിൽ കറക്കുന്നവർക്കേ ഇങ്ങനെയാകാൻ സാധിക്കൂ. ബാബ ജ്ഞാന സാഗരനാണ്, ബാബ കുട്ടികൾക്ക് സൃഷ്ടിയുടെ ആദിമദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നു. മറ്റ് മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല. ഈശ്വരൻ സർവ്വവ്യാപിയെന്ന് പറയുന്നതിലൂടെ ജ്ഞാനത്തിന്റെ കാര്യമേ വരുന്നില്ല. ഈശ്വരനെ അറിയുന്നതിലുള്ള പുരുഷാർത്ഥം ചെയ്യാൻ സാധിക്കുന്നില്ല, പിന്നെ ഭക്തിയും നിലനില്ക്കില്ല. എന്നാൽ പറയുന്നതെല്ലാം മനസ്സിലാക്കുന്നില്ല. പാകമാകാത്തവർക്ക് സർവ്വവ്യാപിയല്ല എന്ന് മനസ്സിലാക്കി കൊടു

ക്കാൻ സാധിക്കില്ല. ആരെങ്കിലും ഒരാൾ പറഞ്ഞു, അത് സർവ്വരും അംഗീകരിച്ചു. ഏതു പോലെ ആരോ ആദിദേവനെ മഹാവീരനാണെന്ന് പറഞ്ഞു, പിന്നെ ആ പേര് നില നിന്നു വരുന്നു. ആര് ഏത് പേര് അറിവില്ലായ്മയോടെ വെച്ചുവൊ അത് നില നിന്നു വരുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു- നിങ്ങൾ മനുഷ്യനായിട്ടും ഡ്രാമയുടെ രചയിതാവിനെയും രചനയെയും മനസ്സിലാക്കുന്നില്ല, ദേവതമാരുടെ പൂജ ചെയ്യുന്നു, അവരുടെ ജീവചരിത്രത്തെ അറിയുന്നില്ലായെങ്കിൽ ഇതിനെ അന്ധവിശ്വാസം എന്നു പറയുന്നു. ഇത്രയും ദേവീ ദേവതമാർ രാജ്യം ഭരിച്ചു പോയി, തീർച്ചയായും അവർ വിവേകശാലികളായിരുന്നു, അതിനാലാണ് പൂജനീയരായത്. ഇപ്പോൾ നിങ്ങൾ ബ്രഹ്മാമുഖവംശാവലികൾ ഈ ജ്ഞാനം കേട്ട് വിവേകശാലികളായി തീരുന്നു. ബാക്കി സർവ്വരെയും രാവണൻ ജയിലിലാക്കി. ഈ രാവണന്റെ ജയിലിൽ സർവ്വരും ശോകവാടികയിലാണ്. ശാന്തിക്ക് വേണ്ടി സമ്മേളനങ്ങൾ നടത്തുന്നു. അതിനാൽ തീർച്ചയായും അശാന്തിയും ദുഃഖവുമുണ്ട്, അർത്ഥം സർവ്വരും ശോകവാടികയിലാണ്. ഇപ്പോൾ ശോകവാടികയിൽ നിന്ന് പെട്ടെന്ന് ആരും അശോകവാടികയിലേക്ക് പോകുന്നില്ല. ഈ സമയത്ത് ആരും ശാന്തി അഥവാ സുഖത്തിന്റെ ലോകത്തിലല്ല. അശോകവാടിക എന്നു പറയുന്നത് സത്യയുഗത്തെയാണ്, ഇത് സംഗമയുഗമാണ് അതിനാൽ നിങ്ങളെ സമ്പൂർണ്ണ പവിത്രമാണെന്ന് പറയാൻ സാധിക്കില്ല. ഹിസ് ഹോളിനസ് എന്ന് ഒരു ബി കെ ക്കും സ്വയം പറയാനോ എഴുതാനോ സാധിക്കില്ല. ഹിസ് ഹോളിനസ് അഥവാ ഹർ ഹോളിനസ് എന്ന് സത്യയുഗത്തിൽ പറയുന്നു. കലിയുഗത്തിൽ എവിടെ നിന്ന് വന്നു! ആത്മാവ് ഇവിടെ പവിത്രമാകുന്നുണ്ടെങ്കിലും ശരീരവും പവിത്രമായത് വേണ്ടേ, എങ്കിലേ ഹിസ് ഹോളിനസ് എന്ന് പറയാൻ സാധിക്കൂ. അതിനാൽ മഹിമ സ്വീകരിക്കരുത്. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥികളാണ്. ബാബ പറയുന്നു ശ്രീ ശ്രീ അഥവാ ഹിസ് ഹോളിനസ് എന്ന് സന്യാസിമാരെ പോലും വിളിക്കാൻ സാധിക്കില്ല. ആത്മാവ് പവിത്രമായി കൊണ്ടിരിക്കുന്നുണ്ടെങ്കിലും ശരീരം പവിത്രമാണോ? അപ്പോൾ അപൂർണ്ണമല്ലേ. ഈ പതിത ലോകത്തിൽ ഹിസ് അഥവാ ഹർ ഹോളിനസ്സായി ആരും തന്നെയില്ല. അവർ മനസ്സിലാക്കുന്നു ആത്മാവും പരമാത്മാവും സദാ ശുദ്ധമാണ് എന്നാൽ ശരീരവും ശുദ്ധമായത് വേണ്ടേ. ലക്ഷ്മീ നാരായണനെ പറയാം കാരണം അവിടെ ശരീരവും സതോപ്രധാന തത്വങ്ങളാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. ഇവിടെ തത്വവും തമോപ്രധാനമാണ്. ഈ സമയത്ത് ആരെയും സമ്പൂർണ്ണ പാവനമെന്ന് പറയാൻ സാധിക്കില്ല. ചെറിയ കുട്ടികളും പവിത്രമാണ്. ദേവതമാർ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു.

അതിനാൽ ബാബ മനസ്സിലാക്കി തരുകയാണ് നിങ്ങൾ എത്ര വിവേകശാലികളായി കൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ചക്രത്തെ കുറിച്ചുമുള്ള പൂർണ്ണ ജ്ഞാനമുണ്ട്. ഈ ചൈതന്യ വൃക്ഷത്തിന്റെ ബീജരൂപനായ പരമപിതാ പരമാത്മാവിൽ മുഴുവൻ വൃക്ഷത്തെ കുറിച്ചുള്ള അറിവുണ്ട്, ബാബ തന്നെയാണ് നിങ്ങളെ ജ്ഞാനം കേൾപ്പിച്ചു കൊണ്ടിരിക്കുന്നത്. ഈ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനത്തിലൂടെ മറ്റുള്ളവരെ പ്രഭാവത്തിൽ കൊണ്ടു വരാൻ സാധിക്കും. മനസ്സിലാക്കി കൊടുക്കണം- നിങ്ങൾ പരംധാമിൽ നിന്നും വന്ന് ഇവിടെ ശരീരം ധാരണ ചെയ്ത് പാർട്ടഭിനയിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ അന്തിമത്തിൽ സർവ്വർക്കും തിരികെ പോകണം പിന്നെ വന്ന് പാർട്ടഭിനയിക്കണം. ഇവിടെ ആര് പുരുഷാർത്ഥം ചെയ്യുന്നുവൊ അവർ ധനവാന്റെയടുത്ത് ജന്മമെടുക്കുന്നു. സർവ്വരും നമ്പറനുസരിച്ചാണ് പദവി നേടുന്നത്. നമ്പറനുസരിച്ച് ട്രാൻസ്ഫറാകും. ഇതും കാണിച്ചിട്ടുണ്ട്- എവിടെയാണൊ ജയം അവിടെ ജന്മമെടുക്കുന്നു.... ഇപ്പോൾ ഈ കാര്യങ്ങളുടെ ആഴത്തിൽ പോകുന്നില്ല. പോകുന്തോറും ജ്ഞാനം ലഭിച്ചു കൊണ്ടിരിക്കും, ഇത്രയും ഉറപ്പാണ് ഇപ്പോൾ ശരീരം വിടുന്നവർക്ക് നല്ല വീട്ടിൽ ജന്മം ലഭിക്കുന്നു. കൂടുതൽ പുരുഷാർത്ഥം ചെയ്യുന്ന കുട്ടികൾക്ക് കൂടുതൽ സന്തോഷവും വർദ്ധിക്കുന്നു. സേവനത്തിൽ തല്പരരായ കുട്ടികൾക്ക് ലഹരിയും ഉണ്ടായിരിക്കും. നിങ്ങളൊഴികെ സർവ്വരും അന്ധകാരത്തിലാണ്. ഗംഗാ സ്നാനം ചെയ്താലൊന്നും പാപം ഭസ്മമാകില്ല. യോഗ അഗ്നിയിലൂടെ മാത്രമേ പാപം ഭസ്മമാകുകയുള്ളൂ. ഈ രാവണന്റെ ജയിലിൽ നിന്നും മോചിപ്പിക്കുന്നത് ഒരേയൊരു ബാബയാണ് അതിനാലാണ് പാടുന്നത് പതിത പാവനാ....എന്നാൽ സ്വയത്തെ പാപാത്മാവാണെന്ന് മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു കഴിഞ്ഞ കല്പത്തിലും നിങ്ങൾ കന്യകമാരിലൂടെ തന്നെയാണ് ഇവരുടെ ഉദ്ധാരണം ചെയ്യിച്ചത്. ഗീതയിൽ എഴുതിയിട്ടുണ്ട് പക്ഷെ ആരും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും- ഈ പതിത ലോകത്തിൽ പാവനമായിട്ടുള്ളവർ ആരുമില്ല. എന്നാൽ മനസ്സിലാക്കി കൊടുക്കുന്നതിന് ധൈര്യം ഉണ്ടായിരിക്കണം. നിങ്ങൾക്കറിയാം ഇപ്പോൾ ലോകം പരിവർത്തനപ്പെട്ടു കൊണ്ടിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ഈശ്വരന്റെ സന്താനങ്ങളായി മാറി. ഈ ബ്രാഹ്മണകുലം ഏറ്റവും ഉയർന്നതാണ്. നിങ്ങൾക്ക് സ്വദർശന ചക്രത്തെ കുറിച്ചുള്ള ജ്ഞാനവും ഉണ്ട്. പിന്നീട് വിഷ്ണു കുലത്തിലേക്ക് പോകുമ്പോൾ നിങ്ങൾക്ക് ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. ഇപ്പോൾ ജ്ഞാനമുണ്ട് അതിനാൽ നിങ്ങളുടെ പേരാണ് സ്വദർശന ചക്രധാരി. ഈ ഗുഹ്യമായ കാര്യങ്ങൾ നിങ്ങളല്ലാതെ മറ്റാരും മനസ്സിലാക്കുന്നില്ല. പറയുമ്പോൾ പറയും ഈശ്വരന്റെ സന്താനങ്ങളാണ് എന്ന്, പക്ഷെ പ്രാക്ടിക്കലിൽ ഇപ്പോൾ നിങ്ങൾ സന്താനങ്ങളായി. ശരി.

സർവ്വ മധുര മധുരമായ കുട്ടികൾക്ക് സ്നേഹസ്മരണയും ഗുഡ്മോർണിംഗും. ബാബയുടെ കടമയാണ് കുട്ടികളെ ഓർമ്മിക്കുക, കുട്ടികളുടെ കടമയാണ് ബാബയെ ഓർമ്മിക്കുക. എന്നാൽ കുട്ടികൾ അത്രയും ഓർമ്മിക്കു

ന്നില്ല, ഓർമ്മിക്കുന്നുവെങ്കിൽ അത് സൗഭാഗ്യമാണ്. ശരി– മധുര മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്ക്കാരം.

## രാത്രി ക്ലാസ്സ്– 8–4–68

ഈ ഈശ്വരീയ ദൗത്യം നടന്നു കൊണ്ടിരിക്കുന്നു. ദേവീ ദേവതാ ധർമ്മത്തിലുള്ളവരെ ഇവിടെ വരുകയുള്ളൂ. ക്രിസ്ത്യാനികൾ മറ്റുള്ളവരെ ക്രിസ്ത്യാനിയാക്കുന്നതുപോലെ. ക്രിസ്ത്യാനിയാകുന്നവർക്ക് ക്രിസ്ത്യൻ ധർമ്മത്തിൽ സുഖം ലഭിക്കുന്നു. നല്ല പ്രതിഫലം ലഭിക്കുന്നു, അതിനാൽ നിറയെപേർ ക്രിസ്ത്യാനികളായി. ഭാരതവാസികൾക്ക് അത്രയും പ്രതിഫലം നല്കാൻ സാധിക്കില്ല. ഇവിടെ വളരെ അഴിമതിയുണ്ട്. കൈക്കൂലി മേടിച്ചില്ലായെങ്കിൽ ജോലിയിൽ നിന്നുപോലും പുറത്താകും. കുട്ടികൾ ബാബയോട് ചോദിക്കുന്നുണ്ട്– ഈ സാഹചര്യത്തിൽ എന്ത് ചെയ്യാം എന്ന്? പറയും യുക്തിയോടെ പ്രവർത്തിക്കൂ എന്നിട്ട് ശുഭ കാര്യത്തിൽ അർപ്പിക്കൂ എന്ന്.

ഇവിടെ സർവ്വരും ബാബയെ വിളിക്കുന്നു വന്ന് ഞങ്ങൾ പതിതരെ പാവനമാക്കൂ, മുക്തമാക്കൂ, വീട്ടിലേക്ക് കൊണ്ടു പോകൂ എന്ന്. ബാബ തീർച്ചയായും വീട്ടിലേക്ക് കൊണ്ടു പോകും. വീട്ടിലേക്ക് പോകുന്നതിന് വേണ്ടിയാണ് ഇത്രയും ഭക്തിയെല്ലാം ചെയ്യുന്നത്. എന്നാൽ ബാബ വന്നാലെ കൊണ്ടു പോകാനാകൂ. ഭഗവാൻ ഒന്നേയുള്ളൂ. സർവ്വരിലും ഭഗവാൻ വന്ന് സംസാരിക്കുന്നു എന്ന് പറയാനാകില്ല. ബാബ വരുന്നതും സംഗമത്തിലാണ്. ഇപ്പോൾ നിങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും അംഗീകരിക്കില്ല. നേരത്തെ അംഗീകരിച്ചിരുന്നു. ഇപ്പോൾ നിങ്ങൾ ഭക്തി ചെയ്യുന്നില്ല. നിങ്ങൾ പറയും നമ്മൾ നേരത്തെ പൂജ ചെയ്തിരുന്നു. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് നമ്മെ പൂജനീയ ദേവതയാക്കുന്നതിന്. സിഖുകാർക്കും നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. മഹിമയുണ്ടല്ലോ മനുഷ്യനിൽ നിന്നും ദേവത...... ദേവതമാരുടെ മഹിമയല്ലേ. ദേവതമാർ വസിക്കുന്നത് സത്യയുഗത്തിലാണ്. ഇപ്പോൾ കലിയുഗമാണ്. ബാബയും സംഗമത്തിൽ പുരുഷോത്തമനാക്കുന്നതിനുള്ള ശിക്ഷണം നല്കുന്നു. ദേവതമാർ സർവ്വരിലും വെച്ച് ഉത്തമരാണ്, അതുകൊണ്ടാണ് അത്രയും പൂജിക്കുന്നത്. ആരെയാണ് പൂജിക്കുന്നത്, അവർ തീർച്ചയായും ഒരിക്കൽ ഉണ്ടായിരുന്നു, ഇപ്പോൾ ഇല്ല. ഈ രാജധാനി കഴിഞ്ഞു പോയിയെന്ന് മനസ്സിലാക്കുന്നു. ഇപ്പോൾ നിങ്ങൾ ഗുപ്തമാണ്. നമ്മൾ വിശ്വത്തിന്റെ അധികാരിയാകുന്നവരാണെന്ന് ആരും മനസ്സിലാക്കുന്നില്ല. നിങ്ങൾക്കറിയാം നമ്മൾ പഠിച്ചിട്ട് ഇതേ പോലെയാകുന്നു. അതിനാൽ പഠിത്തത്തിൽ പൂർണ്ണ ശ്രദ്ധ നല്കണം. വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. ബാബ നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു അപ്പോൾ എന്ത് കൊണ്ട് ഓർമ്മിക്കുന്നില്ല. ദേവീക ഗുണവും ഉണ്ടായിരിക്കണം.

## രാത്രി ക്ലാസ്സ്– 9–4–68

ഇന്നത്തെ കാലത്ത് വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിന് വേണ്ടി സമ്മേളനങ്ങൾ നടത്തുന്നു. അവരെ കേൾപ്പിക്കണം സത്യയുഗത്തിൽ ഒരു ധർമ്മം, ഒരു രാജ്യം അദ്വൈത ധർമ്മമായിരുന്നു. രണ്ടാമത് ഒരു ധർമ്മവുമില്ല അതിനാൽ വഴക്കുണ്ടാകുന്നില്ല. രാമ രാജ്യമായിരുന്നു, വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു. നിങ്ങൾ ആഗ്രഹിക്കുന്നുണ്ട്– വിശ്വത്തിൽ ശാന്തി വേണമെന്ന്. അത് സത്യയുഗത്തിലായിരുന്നു. പിന്നീട് അനേക ധർമ്മങ്ങൾ വന്നതിലൂടെ അശാന്തിയുണ്ടായി. ഇത് മനസ്സിലാക്കാത്തിടത്തോളം കാലം നമുക്ക് പരിശ്രമിക്കേണ്ടി വരും. ഇനി പത്രങ്ങളിലും വരും, പിന്നീട് ഈ സന്യാസിമാരുടെ കണ്ണുകൾ തുറക്കും. നമ്മുടെ രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു എന്ന ലഹരി കുട്ടികൾക്കുണ്ട്. മ്യൂസിയത്തിന്റെ ഷോ കണ്ട് നിറയെ പേർ വരും. ഉള്ളിൽ വന്ന് അത്ഭുതപ്പെടും. പുതിയ പുതിയ ചിത്രങ്ങളിൽ പുതിയ പുതിയ അറിവ് കേൾക്കും.

ഇത് കുട്ടികൾക്കറിയാം– യോഗം മുക്തി–ജീവൻമുക്തിക്ക് വേണ്ടിയാണ്. അത് മനുഷ്യർക്കാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഇതും എഴുതണം– പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും മുക്തി ജീവൻമുക്തിക്കുള്ള യോഗം പഠിപ്പിക്കാൻ സാധിക്കില്ല. സർവ്വരുടെയും സത്ഗതി ദാതാവ് ഒന്നാണ്. ഇത് മനുഷ്യർ വായിക്കുന്ന രീതിയിൽ ക്ലിയറായി എഴുതണം. സന്യാസിമാർക്ക് ഇത് പഠിപ്പിക്കാൻ സാധിക്കില്ല. യോഗ–യോഗ എന്ന് പറയുന്നുണ്ട്, വാസ്തവത്തിൽ ആർക്കും യോഗം പഠിപ്പിക്കാൻ സാധിക്കില്ല. മഹിമയുള്ളത് ഒന്നിനാണ്. വിശ്വത്തിൽ ശാന്തി സ്ഥാപിക്കുക അഥവാ മുക്തി ജീവൻമുക്തി നല്കുക എന്നത് ബാബയുടെ കർത്തവ്യമാണ്. അങ്ങനെ വിചാര സാഗര മഥനം ചെയ്ത് പോയിന്റ്സ് മനസ്സിലാക്കി കൊടുക്കണം. മനുഷ്യർക്ക് കാര്യം പിടികിട്ടുന്ന രീതിയിൽ എഴുതണം. ഈ ലോകം പരിവർത്തനപ്പെടുക തന്നെ വേണം. ഇതാണ് മൃത്യു ലോകം. പുതിയ ലോകത്തെ അമരലോകം എന്നു പറയുന്നു. അമരലോകത്തിൽ മനുഷ്യർ എങ്ങനെ അമരൻമാരായി കഴിയുന്നു എന്നത് അത്ഭുതമല്ലേ. അവിടെ ആയുസ്സും ഉയർന്നതായിരിക്കും.

സമയത്ത് താനേ ശരീരം മാറുന്നു, വസ്ത്രം മാറുന്നത് പോലെ. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ശരി.

മധുര മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെയും ദാദയുടെയും ഗുഡ് നൈറ്റ്, നമസ്തേ.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം-

1. സൃഷ്ടി ചക്രത്തിന്റെ ജ്ഞാനത്തിലൂടെ സ്വയം ത്രികാലദർശി, സ്വദർശന ചക്രധാരിയാകണം, മറ്റുള്ളവരെയും ആക്കുന്നതിനുള്ള സേവനം ചെയ്യണം.

2. സംഗമത്തിൽ ശോകവാടികയിൽ നിന്ന് പുറത്ത് വന്ന് സുഖത്തിന്റെയും ശാന്തിയുടെയും ലോകത്തിലേക്ക് പോകുന്നതിന് വേണ്ടി തീർച്ചയായും പവിത്രമാകണം.

### വരദാനം:- ജ്ഞാനത്തെ രമണീകതയോടെ സ്മരിച്ച് മുന്നേറുന്ന സദാ ഹർഷിതരും സൗഭാഗ്യശാലികളുമായി ഭവിക്കട്ടെ.

ഇത് കേവലം ആത്മാ, പരമാത്മാവിന്റെ ഉണങ്ങിയ ജ്ഞാനമല്ല, വളരെ രമണീയമായ ജ്ഞാനമാണ്, കേവലം ദിവസവും തന്റെ പുതിയ-പുതിയ ടൈറ്റിലുകൾ ഓർമ്മിക്കൂ- ഞാൻ ആത്മാവാണ്, പക്ഷെ എങ്ങനെയുള്ള ആത്മാവാണ്, ചിലപ്പോൾ ആർട്ടിസ്റ്റിന്റെ ആത്മാവാണ്, ചിലപ്പോൾ വ്യാപാരിയുടെ ആത്മാവാണ്....അങ്ങനെ രമണീകതയോടെ മുന്നേറിക്കൊണ്ടിരിക്കൂ. ബാബയും രമണീകമാണ് നോക്കൂ ചിലപ്പോൾ അലക്കുകാരനാകുന്നു, ചിലപ്പോൾ വിശ്വത്തിന്റെ രചയിതാവ്, ചിലപ്പോൾ അനുസരണയുള്ള വേലക്കാരൻ ...അപ്പോൾ അച്ഛൻ എങ്ങനെയാണോ അതേപോലെ മക്കൾ....ഇതേപോലെ ഈ രമണീക ജ്ഞാനത്തെ സ്മരിച്ച് ഹർഷിതരായിരിക്കൂ, അപ്പോൾ പറയാം സൗഭാഗ്യശാലി.

### സ്ലോഗൻ:- സത്യമായ സേവാധാരി അവരാണ് ആരുടെയാണോ ഓരോ ഞരമ്പ് അതായത് സങ്കൽപത്തിൽ സേവനത്തിന്റെ ഉന്മേഷ-ഉത്സാഹമാകുന്ന രക്തം നിറച്ചിരിക്കുന്നത്.